നെടുവത്തൂർ മണ്ഡലത്തിലെ മിച്ചഭൂമി കൈമാറ്റം

166 [2604] *ശ്രീ. എഴുകോൺ നാരായണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുവത്തൂർ നിയോജകമണ്ഡലത്തിലെ വെളിയം വില്ലേജിൽപ്പെട്ട മറവൻകോട് മിച്ചഭൂമി കോളനി നിവാസികളിൽ അർഹരായവർക്ക് മിച്ചഭൂമി കൈമാറ്റം സാധൂകരിച്ച് സർക്കാർ ഉത്തരവായിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) ഇവർക്ക് പട്ടയം നൽകുകയുണ്ടായിട്ടുണ്ടോ എന്ന് വെളിപ്പെടുത്താമോ;

(സി) ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

(ഡി) പട്ടയം ലഭിക്കാത്തതുമൂലം ത്രിതല പഞ്ചായത്തുകളിൽനിന്നുള്ള പദ്ധതി ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് തടസ്സം നേരിടുന്ന സാഹചര്യത്തിൽ പട്ടയം കഴിവതും വേഗം നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 1-6-2000-ലെ ജി. ഒ. (എംഎസ്.) നം. 156/00/ആർ.ഡി. ഉത്തരവു പ്രകാരം അർഹരായ 58 പേരുടെ മിച്ചഭൂമി കൈമാറ്റം സാധൂകരിച്ച് ഉത്തരവായിട്ടുണ്ട്.

(ബി) പട്ടയം നൽകിയിട്ടില്ല.

(സി) & (ഡി) മറവൻകോട് മിച്ചഭൂമിയുടെ മുൻകൈവശക്കാർക്ക് ഡീഡ് ഓഫ് അസൈൻമെന്റ് (ഫാറം-19) കൊടുക്കുന്ന നടപടി പൂർത്തിയാക്കിയിരുന്നതാണ്. അതിനുശേഷമാണ് കൈമാറ്റം നടന്നിട്ടുള്ളത്. 1970-ലെ കേരള ഭൂപരിഷ്കരണ നിയമം ചട്ടം 29 (1)-ൽ നിഷ്കർഷിക്കുന്ന 12 വർഷത്തിനു മുൻപുള്ള കൈമാറ്റം അർഹതയുള്ള കേസുകളിൽ സാധൂകരിക്കുന്നതിന് 1-7-1989-ലെ ജി.ഒ. (പി) 554/89/ആർ. ഡി. ഉത്തരവുപ്രകാരം ഗവൺമെന്റിന് അധികാരമുണ്ട്. ഈ അധികാരം വിനിയോഗിച്ചാണ് ജി.ഒ. (എം എസ്.) നം. 156/00/റവന്യൂ നമ്പർ സർക്കാർ ഉത്തരവിലൂടെ മിച്ചഭൂമി കൈമാറ്റങ്ങൾ സാധൂകരിച്ചിരിക്കുന്നത്. ഇങ്ങനെ കൈമാറ്റം സാധൂകരിച്ചുകൊടുത്തിട്ടുള്ള കൈവശക്കാർക്ക് പട്ടയം കൊടുക്കുന്നതിനുള്ള നടപടികൾ പൂർത്തിയാക്കുന്നതിന് അടിയന്തിരനടപടി സ്വീകരിച്ചുവരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly